# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *321

11.11.2019-ൽ മറുപടിയ്ക്ക്

### ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ.യു. ജനീഷ് കുമാർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ തലത്തിൽ തന്നെ ആദ്യമായി ആയുർവേദ മേഖലയിൽ ആയുർവേദവും ആധുനിക ജൈവ സാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്ക് വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള പഠന-ഗവേഷണകേന്ദ്രവും ലബോറട്ടറിയും സ്ഥാപിക്കുന്നതിന് ഈ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ഇതിനായി കണ്ണൂർ ജില്ലയിലെ കല്യാട് 311.76 ഏക്കർ സ്ഥലം കണ്ടെത്തുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് സർക്കാർ ഭൂമി ആയി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ 36.57 ഏക്കർ സ്ഥലത്ത് ടി പദ്ധതിയുടെ ആദ്യഘട്ടം ആരംഭിക്കുന്നതിനുള്ള ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22/02/2019 ന് നിർവഹിച്ചു. ഇതിൻപ്രകാരം ആദ്യഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.<br><br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ കേരളത്തിൽ ആദ്യമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മൂന്ന് സർക്കാർ |

| | | | |
|---|---|---|---|
| | | | ആയുർവേദ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം/ത്രിപ്പൂണിത്തുറ/കണ്ണൂർ) എയ്ഡഡ് കോളേജ് ആയ കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ് വാര്യർ ആയുർവേദ കോളേജിലും പി.ജി ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും 2019-20 അധ്യയന വർഷം മുതൽ കോഴ്സ് ആരംഭിക്കുകയും ചെയ്തു. ഈ സർക്കാർ അനുമതി നൽകിയതിൻ പ്രകാരം കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിനു കീഴിൽ ഒരു വർഷം ദൈർഘ്യമുള്ള യോഗ & നാച്ചുറോപ്പതി ടെക്നീഷ്യൻ കോഴ്സ് നടത്തിയിട്ടുണ്ട്.<br><br>ഇവ കൂടാതെ നിലവിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളിൽ ആയുർവേദ നേഴ്സ്, ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ ഫാർമസിസ്റ്റ് എന്നീ ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ മെഡിക്കൽ കോളജിൽ പുതുതായി രണ്ടു വിഭാഗങ്ങളിൽ പി.ജി കോഴ്സ് ആരംഭിക്കുകയും തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ ഒരു വിഭാഗത്തിലെ പി.ജി കോഴ്സിൽ 5 സീറ്റുകളുടെ വർധനവ് നൽകുകയും എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജ് ആയ കോട്ടക്കൽ പി.എസ് വാര്യർ ആയുർവേദ കോളേജിൽ 2 പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളായ തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിൽ 2 പ്രൊഫസ്സർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയുർവേദ വിദ്യാഭ്യാസ മേഖലയിൽ മാനസികചികിത്സാ രീതിയിൽ സർക്കാർ മേഖലയിൽ പഠന സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജിൽ ആദ്യമായി മാനസിക രോഗ വിഭാഗം ആരംഭിക്കുന്നതിന്റെ മുന്നോടിയായി 50 ബെഡുകൾ ഉള്ള ആശുപത്രി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സി. സി. ഐ. എം. അനുശാസിക്കുന്ന പ്രകാരം ആയുർവേദ വിദ്യാർത്ഥികൾക്ക് പ്രസവം നേരിട്ട് കാണുന്നതിനായി തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിനു കീഴിലുള്ള പൂജപ്പുര (ആയുർവേദ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉത്ഘാടനം ചെയ്തു. കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജിനു കീഴിൽ 50 ബെഡുകൾ ഉള്ള പുതിയ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിനായി 22 സ്ഥിരം തസ്തികകളും 15 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള പുതിയ കോഴ്സുകൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെപ്പറയുന്ന പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്;<br><br>(1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ മൂന്ന് സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം /തൃപ്പൂണിത്തുറ/കണ്ണൂർ) എയ്ഡഡ് കോളേജ് ആയ വൈദ്യരത്നം പി.എസ് വാര്യർ ആയുർവേദ കോളേജ്, കോട്ടക്കലിലും ഉൾപ്പെടെ 8 വിഷയങ്ങളിൽ ആകെ 32 സീറ്റുകളിൽ പി.ജി ഡിപ്ലോമ കോഴ്സുകൾ 2019-20 അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.<br>(2) കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിനു കീഴിൽ ഒരു വർഷം ദൈർഘ്യമുള്ള യോഗ & നാച്ചുറോപ്പതി ടെക്നിഷ്യൻ കോഴ്സ് നടത്തിയിട്ടുണ്ട്.<br><br>(3) ഇവ കൂടാതെ നിലവിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജുകളിൽ ആയുർവേദ നേഴ്സ്, ആയുർവേദ തെറാപ്പിസ്റ്റ്, |

| | | | |
|---|---|---|---|
| | | | ആയുർവേദ ഫാർമസിസ്റ്റ് എന്നീ ഒരു വർഷ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും കണ്ണൂർ ജില്ലയിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു അനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ ആയുഷ് മിഷനെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി സർക്കാർ നിയമിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി കണ്ണൂർ ജില്ലയിലെ കല്യാട് 311.76 ഏക്കർ സ്ഥലം കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്യുകയുമുണ്ടായി . പ്രസ്തുത ഭൂമിയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ടി പദ്ധതിയുടെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22/02/2019- നു നിർവഹിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി കിറ്റ്കോയെ തിരഞ്ഞെടുക്കുകയും ഇതിൻ പ്രകാരം സമർപ്പിക്കപ്പെട്ട ആദ്യഘട്ടത്തിന്റെ പ്രോജക്റ്റ് റിപ്പോർട്ട് അനുസരിച്ച് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കിട്ടിയ 36.57 ഏക്കർ സ്ഥലത്തിൽ 100 ബെഡുകൾ അടങ്ങുന്ന റിസർച്ച് ആശുപത്രി, മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായി 112 കോടി രൂപയുടെ പ്രൊജക്റ്റ് റിപ്പോർട്ട് KIIFB മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിട്ടുണ്ട്. കൂടാതെ ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി 'KITCO'-യെ 'Special Purpose Vehicle' ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടം പ്രോജക്റ്റ് പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ താത്കാലികമായ സംവിധാനത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയും പരിശോധിച്ചുവരുന്നു. |
| (ഡി) | പാരമ്പര്യമായ അറിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ ആയുർവേദ ചികിത്സാരംഗത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനുസ്ക്രിപ്റ്റ് സെന്റർ മുഖേന പാരമ്പര്യമായ അറിവുകളുടെ ശേഖരണത്തിനും അവയുടെ ക്രോഡീകരണത്തിനും, അവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള നടപടികളും ആദ്യഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഡിജിറ്റലൈസ് ചെയ്യപ്പെടുന്ന ആയുർവേദ അറിവുകളിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ ഗവേഷണ കേന്ദ്രം മുഖേന പൊതുജനങ്ങൾക്ക് പ്രയോജനകരമായ ചികിത്സാരീതികൾ കണ്ടെത്തി അവയുടെ മേൽ ഗവേഷണങ്ങൾ നടത്തി പുതിയ മരുന്നുകൾ വികസിപ്പിച്ച് അവയെ ആയുർവേദ ചികിത്സാ രംഗത്തും മറ്റ് ചികിത്സാരംഗത്തും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ